CHITHRABHUMI
READER'S FORUM

"മികച്ച സിനിമകൾ സംവിധാനം ചെയ്ത പത്മരാജന്റെ ഒരൊറ്റ സിനിമ പോലും മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല"

# മഞ്ചാടിക്കുരുവിന്റെ ആകാംക്ഷകൾ

പ്രിയ ചിത്രഭൂമീ.

എന്റെ ചിത്രത്തിന്റെ തിരക്കേറിയ ഷെഡ്യൂൾ കഴിഞ്ഞ് കോഴിക്കോട്ടെ വീട്ടിലെത്തിയപ്പോഴാണ് ചിത്രഭൂമിയുടെ ആ ലക്കം കണ്ടത്. 2008 ഫിബ്രവരി 7ന്റെ ചിത്രഭൂമിയിൽ കുട്ടികളുടെ ചിത്രങ്ങളെക്കുറിച്ചുള്ള ശിവൻ സാറിന്റെ ലേഖനവും, താരാ സമീൻപർ പോലുള്ള കുട്ടികളുടെ ചിത്രങ്ങളുടെ ആവശ്യകത യെ കുറിച്ചുള്ള നോയിസിലെ ലേഖനവും എന്നെ ഏറെ ആകർഷിച്ചു.



നമ്മൾ പലപ്പോഴും കുട്ടികളുടെ ചിത്രമെന്ന നിലയിൽ മെയ്ൻ സ്ട്രീം ചിത്രങ്ങളിൽ നിന്നും അതിനെ അകറ്റി നിർത്തുകയാണ്. ഓരോ മുതിർന്നവരുടെ ഉള്ളിന്റെ ഉള്ളിൽ ഒരു കുട്ടി ഉണ്ടെന്ന സത്യത്തിൽ ഞാൻ വിശ്വസിക്കുന്നു. ഭൗതിക നേട്ടങ്ങൾ കൊയ്യാനുള്ള ആധുനിക മനുഷ്യന്റെ യാത്രയിൽ ആ കുട്ടിത്തം കാത്തുസൂക്ഷിക്കാൻ പാടുപെടുന്നു. ലോക പ്രസിദ്ധ ചിത്രകാരന്മാരായ പിക്കാസോവും വാൻഗോഗും കുട്ടികളുടെ മനസ്സിനെ സൃഷ്ടികളിൽ ആവാഹിച്ചവരാണ്.

താരാ സമീൻപറിലൂടെ സംവിധായകൻ അമീർഖാൻ ആ നിഷ്കളങ്കമായ ബാല്യത്തിന്റെ മനസ്സാക്ഷിസൂക്ഷിപ്പുകാരനാണെന്ന് വിളിച്ചു പറയുന്നു.

റായിയുടെ പഥേർ പഞ്ചാലിയും, ഡി. സിക്കാസിന്റെ ബൈസിക്കിൾ തീവ്സ്, റെയ്നറുടെ സ്റ്റാന്റ് ബൈ മീയും, ബെനിഗ്നിയുടെ ലൈഫ് ഈസ് ബ്യൂട്ടിഫുളും, ശ്യാമളന്റെ സിക്സ്ത് സെൻസും കെ.എസ്. സേതുമാധവന്റെ ഓപ്പോളും കുട്ടിക്കാലത്തിന്റെ മാന്ത്രിക സ്പർശം നിറഞ്ഞ ചിത്രങ്ങളായിരുന്നു.

ഇത്തരം ചിത്രങ്ങളെ വിലയിരുത്തി സ്വീകരിക്കാൻ കെല്പുള്ള പ്രേക്ഷകർ നമുക്കുണ്ട്. പക്ഷേ, അത് തിരിച്ചറിയാൻ കഴിയുന്ന ഫിലിം മേക്കറും, നിർമാതാക്കളും, താരങ്ങളും നമുക്കിടയിൽ അപൂർവ്വമാണ്.

എന്റെ ആദ്യ ചിത്രമായ 'മഞ്ചാടിക്കുരുവി'ന്റെ ജോലികൾ പൂർത്തിയായി. ബാല്യത്തിന്റെ നിറമുള്ള കാഴ്ചകളും, അത്ഭുതങ്ങളുമാണ് ഈ ചിത്രത്തിന്റെ വിഷയം. എന്നെ സംബന്ധിച്ചിടത്തോളം വിസ്മയകരമായ എക്സ്പീരിയൻസാണ് ഈ ചിത്രം സമ്മാനിച്ചത്. ഈ ചിത്രം ഞങ്ങളുടെ മനസ്സിന്റെ അകക്കാമ്പിലെ ബാല്യത്തെ ഉണർത്തി വിട്ടു. ചിത്രീകരണത്തിന്റെ ഓരോ നിമിഷവും സന്തോഷത്തിന്റെയും, ആകാംക്ഷയുടെയും, ഊഷ്മളതയുടെയും അനിർവ്വചനീയത സമ്മാനിച്ചു. ദേശീയ അന്തർദേശീയ തലത്തിൽ അംഗീകാരം നേടിയവർ ഈ ചിത്രത്തിന് വർക്ക് ചെയ്തിട്ടുണ്ട്. കുട്ടികൾക്കാണ് പ്രധാന്യം എന്ന കാര്യം ഭയക്കാതെ ചിത്രത്തിനു വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞു എന്ന് അവർ വിശ്വസിക്കുന്നു.

വിക്കി, റോജ, കണ്ണൻ, മണിക്കുട്ടി എന്നീ മഞ്ചാടിക്കുരുവിലെ കഥാപാത്രങ്ങളെ സിദ്ധാർഥ, വൈജയന്തി, റിജോഷ്, ആരതി തുടങ്ങിയ ബാലതാരങ്ങൾ മനോഹരമാക്കി. അവർക്കൊപ്പം ചിത്രീകരണത്തിന്റെ രണ്ട് മാസം കടന്നുപോയതറിഞ്ഞില്ല... അത്ഭുതപ്പെടുത്തുന്ന കഴിവുള്ളവരായിരുന്നു അവർ. ഞൊടിയിടയിൽ ഭാവം മാറാൻ അവർക്ക് കഴിയുമായിരുന്നു. ആ കുട്ടികൾ കഥാപാത്രമായി അഭിനയിക്കുകയായിരുന്നില്ല, ശരിക്കും ജീവിക്കുകയായിരുന്നു. കുട്ടികളുടെ ലോകം തീർത്ത മഞ്ചാടിക്കുരു ജൂൺ ആദ്യവാരം തിയേറ്ററിലേക്ക് ഒരുങ്ങുകയാണ്. ഞങ്ങൾ നിങ്ങളുടെ അന്വേഷണത്തിലെ അതേ അവസ്ഥയെ തരണം ചെയ്യാൻ ശ്രമിക്കുകയാണ്. ബിഗ് ബജറ്റ് സൂപ്പർ സ്റ്റാർ ചിത്രങ്ങൾക്കിടയിൽ സുന്ദരമായ ഞങ്ങടെ മഞ്ചാടിക്കുരുക്കളുടെ അവസ്ഥ എന്താകുമെന്നറിയില്ല.

കമേഴ്സ്യൽ ചിത്രങ്ങൾക്കിടയിൽ ഞെരിഞ്ഞു പോകാതെ ഞങ്ങളുടെ മഞ്ചാടിമണികളെ ആരാണ് രക്ഷിക്കുക? ദോഷൈകദൃക്കുകളോ അതോ പുതുമയെ പുൽകുന്നവരോ... എന്തായാലും സത്യത്തെ കാലം തിരിച്ചറിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

*അഞ്ജലി മേനോൻ*
*സംവിധായിക-മഞ്ചാടിക്കുരു*

## മികച്ച കത്ത്: 500 രൂപ സമ്മാനം

# പത്മരാജൻ മാതൃക

പ്രശസ്തരും പ്രതിഭാശാലികളുമായ നമ്മുടെ ചലച്ചിത്രകാരന്മാരിൽ പലരും താൻ തന്നെയാണ് ഏറ്റവും കേമനെന്നു കരുതുന്നതാണ് അവാർഡ് വിവാദങ്ങളുടെ മൂല കാരണം.



"ഇബ്സന്റേതുൾപ്പെടെയുള്ള കഥകളെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ അവാർഡിനു മത്സരിച്ചുവെന്നും ഇവരുടേതിനേക്കാൾ മികച്ചതാണ് പരദേശിയുടെ കഥയെന്ന് കണ്ടെത്തിയത് വിചിത്രമായിരിക്കുന്നുവെന്ന കെ.പി. കുമാരന്റെ അഭിപ്രായപ്രകടനവും അവനവൻകേമത്തിൽ നിന്നുണ്ടായതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മരിച്ചുപോയ നോർവീജിയൻ നാടകകൃത്തായ ഇബ്സന്റെ ബന്ധുക്കളെ അന്വേഷിച്ച് കണ്ടെത്തി മികച്ച മലയാള സിനിമയുടെ കഥയ്ക്കുള്ള അവാർഡ് കൊടുക്കുന്ന അസംബന്ധം ഓർത്തു നോക്കുക!

മുൻപ് അവാർഡ് വിവാദങ്ങളിൽ പങ്കാളിയായിട്ടുണ്ടെങ്കിലും ഇക്കുറി തന്റെ ചിത്രത്തിന് അവാർഡ് ലഭിക്കാതിരുന്നിട്ടും മൗനം പാലിച്ച അടൂർ ഗോപാലകൃഷ്ണന്റെ ഔചിത്യമാണ് കെ.പി. കുമാരനില്ലാതെ പോയത്. ദൂരദർശനിൽ ഉൾപ്പെടെ ചലച്ചിത്ര അവാർഡുമായി ബന്ധപ്പെട്ടുകൊണ്ട് കെ.പി. കുമാരൻ നടത്തിയ അഭിപ്രായപ്രകടനങ്ങൾ രണ്ടാമത് കാണുമ്പോൾ അദ്ദേഹത്തിനു തന്നെ ലജ്ജ തോന്നുമെന്ന കാര്യം തീർച്ച. ഉള്ളിലെ ലാവാപ്രവാഹങ്ങളെ പല്ലിറുമ്മി മൗനത്തിലൂടെ നേരിട്ടവരുടെ ഹിപ്പോക്രസി ഇല്ലാതെ പോയതാവാം കുമാരന്റെ ലൈവ് രോഷപ്രകടനത്തിന്റെ കാരണം.

പെരുവഴിയമ്പലവും ഒരിടത്തൊരു ഫയൽവാനും മുതൽ ഞാൻ ഗന്ധർവൻ വരെ നിരവധി മികച്ച സിനിമകൾ സംവിധാനം ചെയ്ത പത്മരാജന്റെ ഒരൊറ്റ സിനിമ പോലും മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്ന കാര്യം ഈ സന്ദർഭത്തിൽ നമുക്ക് സ്മരിക്കാം. എന്നിട്ടും അവാർഡ് വിവാദങ്ങളിൽ പങ്കാളിയാവാത്ത അദ്ദേഹമാവട്ടെ നമ്മുടെ സിനിമക്കാർക്ക് മാതൃക.

***സാജൻ സി.എസ്***, *ചുള്ളിയിൽ ഹൗസ്,*
*പി.ഒ. ഏങ്ങണ്ടിയൂർ, കടപ്പുറം*

# അരുത്, ജഗദീഷിനെ തരംതാഴ്ത്തരുത്



മലയാള സിനിമയ്ക്ക് കാലം സമ്മാനിച്ച വ്യക്തിത്വമുള്ള ഒരു നടനാണ് ജഗദീഷ്. ജഗദീഷ് നടൻ മാത്രമല്ല, സാമാന്യം ഭേദപ്പെട്ട തിരക്കഥാകൃത്തുകൂടിയാണ്. ഇന്നത്തെ വിലകുറഞ്ഞ കോമഡിയേക്കാൾ എത്രയോ സുന്ദരമാണ് ജഗദീഷിന്റേതുമാത്രമായ ഹാസ്യാഭിനയം. ഒരു ഗ്രൂപ്പിന്റെയും ലീഡറാകാതെ ഒറ്റയാനായി മലയാള സിനിമയിൽ നിലനിൽക്കുന്ന ജഗദീഷ് ഇപ്പോൾ സംവിധായകന്റെ കുപ്പായംകൂടി അണിയാൻ പോകുന്നൂ എന്ന വാർത്ത പ്രതീക്ഷാനിർഭരമാണ്. സംവിധാനത്തിന്റെ പേരിൽ ജഗദീഷിനെ കളിയാക്കുന്നവരും, തരംതാഴ്ത്താൻ ശ്രമിക്കുന്നവരും ഓർമിക്കുക, ജഗദീഷിന് കൈപ്പിഴവ് സംഭവിക്കില്ല.

***മഹേഷ് എം.ടി.,***
*അമ്പലത്തിൻകാല*

# സ്നേഹത്തോടെ ചിത്രഭൂമിക്ക്

പാവപ്പെട്ടവൻ ട്രൗസർ ഇട്ടാൽ അതിനെ ട്രൗസർ എന്നും പണക്കാരൻ ട്രൗസർ ഇട്ടാൽ അതിനെ ബർമുഡ എന്നും പറയുന്നു; അതാണ് ഇന്നത്തെ മലയാള സിനിമയുടെ അവസ്ഥ. സൂപ്പർസ്റ്റാർ ചിത്രങ്ങളുടെ കൂടെ റിലീസ് ചെയ്യുന്ന യുവതാരങ്ങളുടെ ചിത്രം, നല്ല കഥയായിട്ടുപോലും പരാജയപ്പെട്ടു പോകുന്നു, ഒരു അമ്മ രണ്ട് കുഞ്ഞുങ്ങളെ പ്രസവിച്ചു എന്നിരിക്കട്ടെ, ആദ്യത്തേത് സുഖപ്രസവം; ചെലവായത് 5000 രൂപ. രണ്ടാമത്തേത് സിസേറിയൻ; ചെലവായത് 20000 രൂപ. പക്ഷേ, ഈ അമ്മ രണ്ട് മക്കളെയും ഒരുപോലെയാണ് കാണുന്നത്. അതുപോലെതന്നെ സൂപ്പർസ്റ്റാർ സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം യുവതാരങ്ങളുടെയും സിനിമകളെ പ്രോത്സാഹിപ്പിക്കണം. എന്നാൽ നമുക്ക് മലയാള സിനിമാ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും;

***രാജേഷ് ടി,*** *ഊട്ടി*

# മലയാള സിനിമ ഇനിയെങ്കിലും നന്നാവാൻ ശ്രമിക്കുക

മമ്മൂട്ടിയും മോഹൻലാലും. ഇന്നത്തെ യുവതലമുറയുടെയും മലയാള സിനിമയുടെയും പ്രേക്ഷകരുടെയും ശക്തിയും ഊർജവും ഈ നടന്മാരാണ് എന്ന് യാതൊരു സംശയവും ഇല്ലാതെ പറയാം. ഒരു കാലത്ത് യുവതാരങ്ങളായിരുന്ന ഇവർക്ക് മികച്ച സംവിധായകർ നല്ല കഥാപാത്രങ്ങൾ നല്കിയതുകൊണ്ടാണ് അവർക്ക് ജനഹൃദയങ്ങളിൽ ഒരിടം കിട്ടിയത്. ഇന്ന് പല സംവിധായകരും ഒരു സൂപ്പർതാരത്തിന്റെ (നായകനോ നായികയോ ആവാം) ഫോട്ടോ മുന്നിൽ വെച്ച് അവരുടെ ആ ഫോട്ടോ നോക്കിയാണ് തിരക്കഥ എഴുതുന്നത്..

നല്ല തിരക്കഥയിൽ രചിച്ച ഏതെങ്കിലും യുവതാരചിത്രം വിജയിക്കാതിരുന്നിട്ടുണ്ടോ? അങ്ങനെ നോക്കുമ്പോൾ നമുക്ക് മാറ്റം വരേണ്ടത് തിരക്കഥാരചനയിലും സംവിധാനത്തിലുമാണ്.

***ലിസി ജോർജ്,***
*പുളിക്കൽ ഹൗസ്, എറണാകുളം.*

CHITHRABHUMI
READER'S FORUM

രജിസ്റ്റർ ചെയ്യാത്തവർക്ക് മാത്രം

## റീഡേഴ്സ് ഫോറത്തിൽ രജിസ്റ്റർ ചെയ്യുക

റീഡേഴ്സ് ഫോറത്തിലേക്ക് അംഗങ്ങളല്ലാത്തവർ കത്തയയ്ക്കുമ്പോൾ ഇതോടൊപ്പമുള്ള കൂപ്പണിൽ മേൽവിലാസവും എഴുതി അയക്കുക.

*വിലാസം:*
പത്രാധിപർ, ചിത്രഭൂമി, എം.എം. പ്രസ്സ്,
ചെറൂട്ടി റോഡ്, കോഴിക്കോട് - 1

എന്റെ വിലാസം

പേര്.....................................................
വിലാസം...............................................
..............................................................
ജില്ല.....................................................
ഫോൺ...................................................

READER'S FORUM